"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ്-സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും - ടൈപ്പ് വൺ പ്രമേഹ രോഗബാധിതരായ സർക്കാർ ജീവനക്കാർക്കും ടൈപ്പ് വൺ പ്രമേഹ രോഗബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കൾക്കും -പ്രത്യേക മുൻഗണന നിശ്ചയിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥഭരണപരിഷ്കാര (എ.ആർ-14) വകുപ്പ്**

സ.ഉ.(കൈ) നം.9/2024/P&ARD തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:- 1. 25.02.2017 ലെ സ.ഉ(പി) നം: 3/2017/ഉഭപവ

2. 18.04.2024 ൽ ശ്രീമതി. ബുഷ്റ ശിഹാബ് ബഹു. ചീഫ് സെക്രട്ടറിയ്ക്ക് സമർപ്പിച്ച നിവേദനം.

3. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 2542/11/12/2024 നമ്പർ കേസ്

**ഉത്തരവ്**

പരാമർശം (1) പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 11 ൽ സ്ഥലംമാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി പ്രത്യേക മുൻഗണന അർഹിക്കുന്ന പരിരക്ഷിക്കപ്പെട്ട /പ്രഥമ ഗണനീയ വിഭാഗങ്ങൾ അനുബന്ധ പ്രകാരം നിശ്ചയിച്ച് ഉത്തരവായിരുന്നു.

പരാമർശം (2) അപേക്ഷ പ്രകാരം ശ്രീമതി. ബുഷ്റ ഷിഹാബ് ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കൾക്കും, ടൈപ്പ് വൺ പ്രമേഹ ബാധിതരായ (നിരവധി വർഷങ്ങളായി ഈ അസുഖം കൊണ്ട് ബുദ്ധിമുട്ടുന്ന) സർക്കാർ ജീവനക്കാർക്കും അവരുടെ പൊതുസ്ഥലം മാറ്റത്തിൽ അതാത് ജില്ലകളിൽ വീടിന് തൊട്ടടുത്തുള്ള സർക്കാർ സ്ഥാപനങ്ങളിൽ സ്ഥലംമാറ്റം നൽകുന്നതിന് നടപടി കൈക്കൊള്ളുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പരാതിയിൽ പരാമർശിക്കുന്ന രോഗത്തിന്റെ സങ്കീർണ്ണാവസ്ഥ കണക്കിലെടുത്ത്, പരാമർശം (1) ഉത്തരവിലെ അനുബന്ധത്തിൽ ക്രമ നമ്പർ അഞ്ചാമതായി ചേർത്തിരിക്കുന്ന സെറിബ്രൽ പാൾസി ഉൾപ്പെടെയുള്ള ചലനവൈകല്യം, ഭേദപ്പെട്ട കുഷ്ഠം, അസാധാരണമായ പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് വിധേയമായവർ, പേശി സംബന്ധമായ അസുഖമുള്ളവർ (Locomotor disability including cerebral palsy,cured leprosy, dwarfism, acid



e No. D1/2750 2024-A5 (Computer No. 466789)
nerated from eOffice by JAYAKUMAR K, A5 , DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 01/07/2024 11:21 AM

attack victim, muscular dystrophy) എന്നിവരോടൊപ്പം ടൈപ്പ് വൺ പ്രമേഹ ബാധിതരായ സർക്കാർ ജീവനക്കാരെയും, ഇതേ ഉത്തരവിൽ ക്രമ നമ്പർ എട്ടാമതായി ചേർത്തിരിക്കുന്ന ഓട്ടിസം/സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ എന്നിവരോടൊപ്പം ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കളെയും ഉൾപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം (1) ലെ ഉത്തരവ് മേൽ പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പുനീത് കുമാർ ഐ എ എസ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്ക്/പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/സെക്രട്ടറിമാർക്ക് /സ്പെഷ്യൽ സെക്രട്ടറിമാർക്ക്/സെക്രട്ടേറിയറ്റിലെ എല്ലാ ഓഫീസർമാർക്കും
എല്ലാ വകുപ്പുമേധാവികൾക്കും ഓഫീസുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ സെക്ഷനുകൾക്കും
രജിസ്ട്രാർ,കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി/ശ്രീ.ശങ്കരാചാര്യസംസ്കൃത സർവ്വകലാശാല രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല,മണ്ണുത്തി (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
ജനറൽ മാനേജർ, കേരള സംസ്ഥാന ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം.(ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി നിലയം,തിരുവനന്തപുരം
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ ഒ എസ്സ് ഡിയ്ക്ക്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും പത്രമാധ്യമങ്ങൾക്ക് നൽകുന്നതിനുമായി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Aravind .c.m
Date: 10-06-2024 14:19:



ile No. DT/2750/2024-A5 (Computer No. 466789)
Generated from eOffice by JAYAKUMAR K, A5 - DTTVPM, A5,DTTVPM, INDUSTRIAL TRAINING DEPARTMENT on 01/07/2024 ...

മേലെഴുത്ത് കത്ത് : ഡിറ്റി/2750/2024-എ5 തീയതി : 28-06-2024

ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവുമായി ബന്ധപ്പെട്ട് ടൈപ്പ് വൺ പ്രമേഹ രോഗബാധിതരായ സർക്കാർ ജീവനക്കാർക്കും ടൈപ്പ് വൺ പ്രമേഹ രോഗബാധിതരായ കുട്ടികളുടെ സർക്കാർ ജീവനക്കാരായ മാതാപിതാക്കൾക്കും പ്രത്യേക മുൻഗണന നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി.

Veena 28/06/2024

Dr. Veena N Madhavan IAS, DT-DTTVPM, O/O DIRECTOR DTTVPM